19808
18/9/17

# കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ കബളിപ്പിക്കപ്പെട്ട നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിനായി കെ.എസ്.എഫ്.ഇ. യിൽ നിന്ന് 15 കോടി രൂപ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നം.T777 ന് വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ. യ്ക്ക് 15 കോടി രൂപയുടെ സോപാധിക സർക്കാർ ഗ്യാരണ്ടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (സി) വകുപ്പ്

**സ.ഉ.(കൈ) നം.34/2017/സഹ.** **തീയതി, തിരുവനന്തപുരം, 16.09.2017**

---

പരാമർശം:- (1) 11.09.2015 ലെ സ.ഉ.(കൈ) 117/2015/സഹ നമ്പർ ഉത്തരവ്.

(2) കെ.എസ്.എഫ്.ഇ. യിലെ ഓഫീസ് അറ്റന്റന്റായ ശ്രീ.മധു.സി. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി(സിവിൽ) നം. 30875/2015 മേലുള്ള 15.01.2016 ലെ വിധിന്യായം.

(3) 01.02.2017 ന് ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

## <u>ഉത്തരവ്</u>

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നം.T777 ലെ പണാപഹരണവും ക്രമക്കേടുകളും മൂലം നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാതെ വന്നതിനെ തുടർന്ന് നിക്ഷേപത്തുക തിരികെ നൽകുന്നതിന് 11.80 കോടി രൂപ സംഘത്തിന് അടിയന്തിരമായി അനുവദിച്ച് നൽകുന്നതിനും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും സംഘത്തിന് അനുവദിച്ച 6 കോടി രൂപ വായ്പ ബോർഡിന് തിരികെ നൽകുന്നതിലേയ്ക്ക് 6 കോടി രൂപ സംഘത്തിന് വായ്പയായി അനുവദിക്കാനും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിൻ പ്രകാരം കെ.എസ്.എഫ്.ഇ. ക്ക് നിർദ്ദേശം നൽകിയിരുന്നു. ടി ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ ഫയൽ ചെയ്തിരുന്ന റിട്ട് ഹർജിയിന്മേൽ സർക്കാരിന്റെ വാദങ്ങൾ അംഗീകരിച്ചുകൊണ്ടും ടി ഉത്തരവ് നടപ്പിലാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിന് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് നിർദ്ദേശം നൽകികൊണ്ടും പരാമർശം (2) പ്രകാരം ബഹു.ഹൈക്കോടതി ടി റിട്ട് ഹർജിയിൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പല കാരണങ്ങളാലും ടി സർക്കാർ ഉത്തരവ് നടപ്പാക്കാനായില്ല. തുടർന്ന് കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിൽ നിക്ഷേപിച്ച തുക നിക്ഷേപകർക്ക് എത്രയും വേഗം മടക്കി നൽകുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കൂടിയ യോഗത്തിൽ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിൽ പണം നിക്ഷേപിച്ചവർക്ക് നിക്ഷേപിച്ച തുക മടക്കി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണെന്നും, കെ.എസ്.എഫ്.ഇ. സഹകരണ സംഘത്തിൽ പണാപഹരണവും ക്രമക്കേടുകളും നടത്തിയവർക്കെതിരെ ശക്തമായ നിയമ നടപടികളും അവരിൽ നിന്നും അപഹരിച്ച പണം തിരിച്ചു പിടിക്കുന്നതിനു സത്വര നടപടിയും സ്വീകരിക്കേണ്ടതാണെന്നും, നിക്ഷേപകർക്ക് പണം തിരികെ നല്കുന്നതിലേക്കായി സഹകരണ സംഘത്തിന് കെ.എസ്.എഫ്.ഇ. യിൽ നിന്ന് 15 കോടി രൂപ വായ്പയായി നൽകുന്നതിന് സഹകരണ വകുപ്പ് കെ.എസ്.എഫ്.ഇ. യ്ക്ക് 15 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി നൽകേണ്ടതാണെന്നും, സഹകരണ വകുപ്പ് 15 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി നൽകുന്ന

മുറയ്ക്ക് സഹകരണ സംഘത്തിലെ നിക്ഷേപകർക്ക് പണം മടക്കി നല്കുന്നതിലേക്കായി കെ.എസ്.എഫ്.ഇ. 15 കോടി രൂപ വായ്പയായി അനുവദിക്കേണ്ടതാണെന്നും, പ്രസ്തുത സഹകരണ സംഘത്തിൽ ഇനിയും ഇത്തരം ക്രമക്കേടുകൾ സംഭവിക്കാതിരിക്കാൻ സഹകരണ വകുപ്പിന്റെ സമയബന്ധിതമായ മേൽനോട്ടവും ഇടപെടലുകളും ഉണ്ടായിരിക്കേണ്ടതും ഭരണസമിതിക്ക് ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണെന്നും തീരുമാനിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുമേഖലയിലുള്ള ഏറ്റവും വലിയ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ കെ.എസ്.എഫ്.ഇ. യിലെ ജീവനക്കാർക്കുള്ള സഹകരണ സംഘത്തിന്റെ വിശ്വാസ്യത സംരക്ഷിക്കുന്നതിന്റെ ഭാഗമായും, കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണസംഘം ക്ലിപ്തം T777-ലെ കബളിപ്പിക്കപ്പെട്ട നിക്ഷേപകരുടെ ദയനീയസ്ഥിതി കണക്കിലെടുത്തും, ഒരു പ്രത്യേക കേസായി പരിഗണിച്ചും, നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുന്നതിനായി 15 കോടി രൂപയുടെ 18 മാസത്തേക്കുള്ള സോപാധിക സർക്കാർ ഗ്യാരന്റി കെ.എസ്.എഫ്.ഇ.യ്ക്ക് അനുവദിച്ചും, പ്രസ്തുത സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ., കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണസംഘം ക്ലിപ്തം T777 ന് 15 കോടി രൂപ വായ്പയായി നൽകുന്നതിനും പ്രസ്തുത ഗ്യാരന്റി കാലയളവിനുള്ളിൽ സംഘത്തിന് നഷ്ടപ്പെട്ട പണം ഉത്തരവാദികളിൽനിന്ന് തിരിച്ചുപിടിച്ചിരിക്കണം എന്ന വ്യവസ്ഥയിൽ, പ്രസ്തുത 15 കോടി രൂപ രണ്ടു തുല്യ ഗഡുക്കളായി നൽകാനും, ഇതിൽ ആദ്യഗഡു ഉടനെയും, രണ്ടാം ഗഡു ഉത്തരവാദികളായവരിൽനിന്നും 50% തുക തിരികെ പിടിച്ചതിനുശേഷവും എന്ന നിബന്ധനയോടെ 4% വാർഷിക പലിശ നിരക്കിൽ 18 മാസത്തെ തിരിച്ചടവു കാലാവധിയോടെ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണസംഘം ക്ലിപ്തം T777 ന് വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ.യ്ക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വേണുഗോപാൽ.പി**

**സ്പെഷ്യൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ.ലിമിറ്റഡ്, ഭദ്രത, തൃശ്ശൂർ 20.
സെക്രട്ടറി, കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03.08.2017, 22.08.2017, 25.08.2017, 16.09.2017 തീയതികളിലെ 429524/Agri C1/17/Fin പ്രകാരം)
നികുതി വകുപ്പ് (01.03.2017 ലെ 25730/എച്ച്2/2013/നിവ പ്രകാരം)
പൊതുഭരണ (എസ്.സി)വകുപ്പ് (13.09.2017 ലെ ഇ.ന.നം.1438)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 13-09-2017

ഫയൽ നം. 11137/സി1/2015/സഹ. ഇനം നം: 1438

വിഷയം : സഹകരണ വകുപ്പ് - കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിനായി സംഘത്തിന് കെ.എസ്.എഫ്.ഇ.-യിൽ നിന്ന് 15 കോടി രൂപ പലിശരഹിത വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ.-യ്ക്ക് 15 കോടി രൂപയുടെ സോപാധിക സർക്കാർ ഗ്യാരണ്ടി നൽകുന്നത്.

തീരുമാനം : കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിന് നൽകുന്ന പതിനഞ്ച് കോടി രൂപയുടെ വായ്പയ്ക്ക് 4% വാർഷിക പലിശ നിരക്ക് ഈടാക്കേണ്ടതാണെന്നും ആയതിന്റെ തിരിച്ചടവിന് 18 മാസം അനുവദിക്കേണ്ടതാണെന്നുമുള്ള ഭേദഗതികളോടെ കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ : | 11137/സി1/2015/സഹ |
| 2. | വകുപ്പ് : | സഹകരണ (സി) വകുപ്പ് |
| 3. | വിഷയം : | കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിനായി സംഘത്തിന് കെ.എസ്.എഫ്.ഇ. യിൽ നിന്ന് 15 കോടി രൂപ പലിശരഹിത വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ. യ്ക്ക് 15 കോടി രൂപയുടെ സോപാധിക സർക്കാർ ഗ്യാരണ്ടി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി : | 08/09/17 |
| 5. | 1. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>2. സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനു കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് : | ശ്രീ.ബോബി ആന്റണി |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് : | ശ്രീ.പി വേണുഗോപാൽ ഐ.എ.എസ് |
| 9 | മന്ത്രിസഭ കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 11/09/2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് : | ഡോ. കെ. എം എബ്രഹാം |
| 11 | മന്ത്രിസഭ കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : | 11/09/2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : | ശ്രീ.കടകംപള്ളി സുരേന്ദ്രൻ |
| 13 | മന്ത്രിസഭ കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി : | 11/09/2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : | 12/09/2017 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ പണാപഹരണവും ക്രമക്കേടുകളും മൂലം നിക്ഷേപകർക്ക് പണം തിരികെ നൽകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ നിക്ഷേപകരുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് കബളിപ്പിക്കപ്പെട്ട നിക്ഷേപകർക്ക് നിക്ഷേപത്തുക തിരികെ നൽകുന്നതിനായി സഹകരണ സംഘത്തിന് കെ.എസ്.എഫ്.ഇ. യിൽ നിന്ന് 15 കോടി രൂപ പലിശരഹിത വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ. യ്ക്ക് 15 കോടി രൂപയുടെ സോപാധിക സർക്കാർ ഗ്യാരണ്ടി നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ പണാപഹരണവും ക്രമക്കേടുകളും മൂലം നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാതെ വന്നതിനെ തുടർന്ന് നിക്ഷേപത്തുക തിരികെ നൽകുന്നതിന് 11.80 കോടി രൂപ സംഘത്തിന് അടിയന്തരമായി അനുവദിച്ച് നൽകുന്നതിനും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും സംഘത്തിന് അനുവദിച്ച 6 കോടി രൂപ വായ്പ ബോർഡിന് തിരികെ നൽകുന്നതിലേയ്ക്ക് 6 കോടി രൂപ സംഘത്തിന് വായ്പയായി അനുവദിക്കാനും മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11.09.2015-ലെ സ.ഉ.(കൈ) 117/2015/സഹ നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.എഫ്.ഇ ക്ക് നിർദ്ദേശം നൽകി സർക്കാർ ഉത്തരവായിരുന്നു.

3) ടി ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ കെ.എസ്.എഫ്.ഇ. യിലെ ഓഫീസ് അറ്റന്റന്റായ ശ്രീ.മധു.സി, ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 30875/2015 നമ്പർ റിട്ട് ഹർജിയിലെ സർക്കാരിന്റെ വാദങ്ങൾ അംഗീകരിച്ചുകൊണ്ടും ടി ഉത്തരവ് നടപ്പിലാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിന് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് നിർദ്ദേശം നൽകികൊണ്ടും ബഹു.ഹൈക്കോടതി ടി റിട്ട് ഹർജിയിൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പല കാരണങ്ങളാലും ടി സർക്കാർ ഉത്തരവ് നടപ്പാക്കാനായില്ല.

4) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിൽ നിക്ഷേപിച്ച തുക നിക്ഷേപകർക്ക് എത്രയും വേഗം മടക്കി നൽകുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 01.02.2017 ന് ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ തീരുമാനിച്ചു.

i. കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിൽ പണം നിക്ഷേപിച്ചവർക്ക് നിക്ഷേപിച്ച തുക മടക്കി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്,

ii. കെ.എസ്.എഫ്.ഇ. സഹകരണ സംഘത്തിൽ പണാപഹരണവും ക്രമക്കേടുകളും നടത്തിയവർക്കെതിരെ ശക്തമായ നിയമ നടപടികളും അവരിൽ നിന്നും അപഹരിച്ച പണം തിരിച്ച് പിടിക്കുന്നതിനു സത്വര നടപടിയും സ്വീകരിക്കേണ്ടതാണ്,

iii. നിക്ഷേപകർക്ക് പണം തിരികെ നല്കുന്നതിലേക്കായി സഹകരണ സംഘത്തിന് കെ.എസ്.എഫ്.ഇ. യിൽ നിന്ന് 15 കോടി രൂപ വായ്പയായി നൽകുന്നതിന് സഹകരണ വകുപ്പ് കെ.എസ്.എഫ്.ഇ. യ്ക്ക് 15 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി നൽകേണ്ടതാണ്,

iv. സഹകരണ വകുപ്പ് 15 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റി നൽകുന്ന മുറയ്ക്ക് സഹകരണ സംഘത്തിലെ നിക്ഷേപകർക്ക് പണം മടക്കി നല്കുന്നതിലേക്കായി കെ.എസ്.എഫ്.ഇ. 15 കോടി രൂപ വായ്പയായി അനുവദിക്കേണ്ടതാണ്,

v. പ്രസ്തുത സഹകരണ സംഘത്തിൽ ഇനിയും ഇത്തരം ക്രമക്കേടുകൾ സംഭവിക്കാതിരിക്കാൻ സഹകരണ വകുപ്പിന്റെ സമയബന്ധിതമായ മേൽനോട്ടവും ഇടപെടലുകളും ഉണ്ടായിരിക്കേണ്ടതും ഭരണസമിതിക്ക് ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

5) കൺസ്യൂമർഫെഡിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളതും ഉപയോഗിക്കാതെ നിലവിലുള്ളതുമായ സർക്കാർ ഗ്യാരണ്ടി സറണ്ടർ ചെയ്ത് 15 കോടിയുടെ സർക്കാർ ഗ്യാരണ്ടി കെ.എസ്.എഫ്.ഇ. യ്ക്ക് നൽകാൻ സത്വര നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. സഹകരണ സംഘത്തിന് 15 കോടി രൂപ ലോണായി നൽകാവുന്നതാണെന്നും നിർദ്ദേശമുണ്ടായി.

6) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടുന്നു.

ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്. "

7) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സർക്കുലേറ്റ് ചെയ്തപ്പോൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി 11.08.2017 ൽ ഉത്തരവായിരുന്നു.

8) മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് തയ്യാറാക്കി സമർപ്പിച്ച വേളയിൽ "സംഘത്തിന് 15 കോടി രൂപ പലിശ സഹിതം തിരികെ കെ.എസ്.എഫ്.ഇ യ്ക്ക് നൽകുന്നതിനുള്ള സാമ്പത്തിക ഭദ്രതയുണ്ടോ എന്നും ഇല്ലെങ്കിൽ എങ്ങനെയാണ് തിരിച്ചടവ് ഉറപ്പാക്കുന്നതെന്നും മന്ത്രിസഭാ കുറിപ്പിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യം കൂടി വിശദീകരിച്ച് കുറിപ്പുകൾ പുന:സമർപ്പിക്കുക" എന്ന് ചീഫ് സെക്രട്ടറി ഉത്തരവായി.

9) കൂടാതെ ധനകാര്യ വകുപ്പ് ചുവടെ കുറിക്കുന്ന പ്രകാരം അധിക നിർദ്ദേശവും നൽകി.

*"Attention of Administrative Department is invited to the earlier remarks communicated vide file No.429524/Agri C1/2017/Fin in Co-op C1/199/2017-Co-op dated 3/8/2017. A modified remarks iscommunicated as follows:*

*" In view of the need to salvage the credibility of a Co-operative Society of employees of the biggest PSU NBFC in the State, the following is proposed for consideration:*

*a) A conditional guarantee may be provided for a period of 18 months. If the recovery proceedings are not completed against those responsible within the period, then the guarantee shall cease to exist.*

*b) The loan shall be disbursed in two equal instalments. The first instalment may be released by KSFE now and the second instalment only after 50% of the amount due from the responsible persons is recovered."*

*May be placed before the Cabinet for approval. This has the approval of Hon'ble Chief Minister."*

10) എന്നാൽ 150 കോടി രൂപയ്ക്കുള്ള സർക്കാർ ഗ്യാരണ്ടി കൺസ്യൂമർഫെഡിന് നല്കിയതിൽ 25 കോടി രൂപയുടെ ഗ്യാരണ്ടി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന് ഈടായി നൽകുകയും 125 കോടി സർക്കാരിന് തിരികെ നൽകുകയും ചെയ്തതായി കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

11) 25.08.2017 ൽ ധനകാര്യ വകുപ്പ് അധികമായി ചുവടെ ചേർക്കുന്ന അഭിപ്രായം കൂടി ഈ വകുപ്പിനെ അറിയിച്ചു.

*"Administrative Department is informed that the loan from KSFE will be interest free.*

*This has the approval of Hon'ble Minister (Finance)."*

12) ധനകാര്യ വകുപ്പിന്റെ മേൽ നിർദ്ദേശത്തിന്മേൽ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം നേടിയിട്ടില്ലാതിരുന്നതിനാൽ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് വീണ്ടും ചംക്രമണം ചെയ്ത് ഉത്തരവ് നേടേണ്ടതാണെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

13) ആയത് പ്രകാരം ഫയൽ ബഹു. മുഖ്യമന്ത്രിക്ക് പുനഃ ചംക്രമണം ചെയ്തപ്പോൾ, കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിനായി 15 കോടി രൂപയുടെ ഗവൺമെന്റ് ഗ്യാരന്റി കെ.എസ്.എഫ്.ഇ. യ്ക്ക് നൽകുന്നതും, പ്രസ്തുത ഗവൺമെന്റ് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിന് 15 കോടി രൂപ പലിശരഹിത വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ. യ്ക്ക് നിർദേശം നൽകുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട കാര്യങ്ങൾ

1) കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിലെ കബളിപ്പിക്കപ്പെട്ട നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിനായി ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം 15 കോടി രൂപയുടെ 18 മാസത്തേയ്ക്കുള്ള സോപാധിക സർക്കാർ ഗ്യാരന്റി കെ.എസ്.എഫ്.ഇ. യ്ക്ക് നൽകി, പ്രസ്തുത സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിന് 15 കോടി രൂപ പലിശരഹിത വായ്പയായി നൽകുന്നതിന് കെ.എസ്.എഫ്.ഇ. യ്ക്ക് നിർദേശം നൽകാമോ?

2) പ്രസ്തുത വായ്പ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം രണ്ടു തുല്യ ഗഡുക്കളായി, ഇതിൽ ആദ്യ ഗഡു ഉടനെയും രണ്ടാം ഗഡു ഉത്തരവാദികളായവരിൽ നിന്നും 50% തുക തിരികെ പിടിച്ചതിനു ശേഷവും ആണോ വിതരണം ചെയ്യേണ്ടത്?